# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:01.01.2026**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഗുവാഹത്തിക്കും കൊൽക്കത്തയ്ക്കും ഇടയിൽ സർവീസ് നടത്തുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

2. വയനാട് പുനരധിവാസത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഒന്നാം ഘട്ടത്തിലെ വീടുകൾ ഫെബ്രുവരിയിൽ കൈമാറും.

3. തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ ഈ മാസം 12 നകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

4. പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് നാളെ പാലക്കാട് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

5. വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിൻറെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

RJUTVPM

## 6. വർക്കല ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് സമാപനം.

**വന്ദേ ഭാരത്**

രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഗുവാഹത്തിക്കും കൊൽക്കത്തയ്ക്കും ഇടയിൽ സർവീസ് നടത്തും. ന്യൂഡൽഹിയിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവാണ് പ്രഖ്യാപനം നടത്തിയത്. ആയിരം മുതൽ 1500 കിലോമീറ്റർ വരെയുള്ള ദീർഘദൂര യാത്രകൾക്ക് അനുയോജ്യമായ ട്രെയിനിൽ 16 കോച്ചുകളാണുള്ളത്. ഭക്ഷണമുൾപ്പെടെ തേർഡ് എസിക്ക് ഏകദേശം രണ്ടായിരത്തി മുന്നൂറ് രൂപയും സെക്കൻഡ് എസിക്ക് മൂവായിരം രൂപയും ഫസ്റ്റ് എസിക്ക് മൂവായിരത്തി ആറുനൂറ് രൂപയുമാണ് ടിക്കറ്റ് നിരക്ക്.

RNU TVPM

**മുഖ്യമന്ത്രി(ഇൻട്രോ)**

വയനാട് ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് കൽപ്പറ്റ ബൈപ്പാസിന് സമീപം ഏറ്റെടുത്ത എൽസ്റ്റൺ എസ്റ്റേറ്റിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്ന തരത്തിൽ അത്യാധുനിക സൗകര്യങ്ങളോടെ പ്രകൃതിയോട് ഇണങ്ങുന്ന രീതിയിൽ 35

ക്ലസ്റ്ററുകളിലായാണ് ടൗൺഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്...........)

ലൈഫ് ഭവന പദ്ധതിയിലൂടെ പൂർത്തിയായ 5 ലക്ഷം വീടുകൾ എന്ന നേട്ടം അടുത്തമാസം തന്നെ പൂർത്തിയാകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷം പുതിയ ഭരണ സമിതിക്ക് മുന്നിൽ പുതിയ ഉത്തരവാദിത്തങ്ങളാണ് ഉള്ളതെന്നും തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനത്തിൻറെ മുന്നേറ്റത്തിന് ഓരോരുത്തരുടെയും അഭിപ്രായം പ്രധാനമാണെന്നും കേരളത്തെ ഉപഭോക്തൃ സംസ്ഥാനമായി നിലനിർത്താതെ, ഉത്പാദന കേന്ദ്രമായി മാറ്റാൻ ലക്ഷ്യമിട്ടാണ് സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം ആരംഭിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ഈ മാസം12 നകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. നിശ്ചിത സമയത്തിനകം കണക്ക് നൽകാത്തവരെ അംഗമായി

തുടരുന്നതിൽ നിന്നും, തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും അയോഗ്യരാക്കുമെന്ന് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. പത്രികാസമർപ്പണം മുതൽ വോട്ടെണ്ണൽ വരെയുള്ള ചെലവ് കണക്കാണ് നൽകേണ്ടത്. തുടർനടപടികളുണ്ടാകുന്നതിൽ വീഴ്ചയുണ്ടായെന്ന ചില സ്ഥാനാർത്ഥികളുടെ പരാതികളെ തുടർന്നാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതെന്നും കമ്മീഷണർ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## സരസ് മേള

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള കുടുംബശ്രീ മിഷൻ കേരളത്തിൽ സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേള നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്യും. പാലക്കാട് ചാലിശ്ശേരിയിലാണ് പരിപാടി. ഈ മാസം 11 വരെയാണ് മേള.

❁❁❁❁❁❁❁❁❁❁❁❁❁

## വർണ്ണച്ചിറകുകൾ -വീണാജോർജ്ജ്

വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിൻറെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. വനിത

RNUTVPM

ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും കുട്ടികൾക്ക് വിവിധ കലാ പ്രകടനങ്ങൾ അവതരിപ്പിക്കുന്നതിനുമാണ് സംസ്ഥാന തലത്തിൽ വർണ്ണച്ചിറകുകൾ എന്ന പേരിൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ച് വരുന്നത്. ഞായറാഴ്ച വരെ തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലാണ് ഫെസ്റ്റ്. 51 കുട്ടികളെയാണ് ഉജ്ജ്വല ബാല്യ പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

RNUTVPM

## ശബരിമല - മുഖ്യമന്ത്രിയുടെ ഓഫിസ്

ശബരിമല സ്വർണ്ണപ്പാളി കേസിൽ തന്നെ ചോദ്യം ചെയ്യാൻ വിളിപ്പിക്കുമെന്ന വാർത്തയ്ക്ക് പിന്നിൽ മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന അടൂർ പ്രകാശ് എം.പിയുടെ ആരോപണം തള്ളി മുഖ്യമന്ത്രി. പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത് ഹൈക്കോടതിയാണെന്നും മുഖ്യമന്ത്രിയുടെ ഓഫീസിനോ പൊളിറ്റിക്കൽ സെക്രട്ടറിക്കോ നടപടികളിൽ പങ്കില്ലെന്നും മുഖ്യമന്ത്രിയുടെ ഓഫിസ് പ്രസ്താവനയിൽ വ്യക്തമാക്കി.

## മുഖ്യമന്ത്രി-ഫ്ളാഗ് ഓഫ്

സംസ്ഥാന പോലീസ് സേനയുടെ വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ പുതിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. തിരുവനന്തപുരത്തു എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ പുതുതായി വാങ്ങിയ 172 ബൊലേറോ ജീപ്പുകളാണ് സേനയുടെ ഭാഗമായത്. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ ഉൾപ്പെടെയുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

## നിയമസഭാ തിരഞ്ഞെടുപ്പ്

2026ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് എന്നിവയുടെ പ്രാഥമിക തല പരിശോധന മറ്റന്നാൾ മുതൽ തിരുവനന്തപുരം കളക്ടറേറ്റിൽ ആരംഭിക്കും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസൃത മായി പരിശോധനയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. ഫെബ്രുവരി 16 വരെയാണ് നടപടിക്രമം.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

## ചർച്ച - അറിയിപ്പ്

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം

തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാളെ രാത്രി 11 മണിക്ക് കാർഷികരംഗത്തിന്റെ ശാക്തീകരണം സംബന്ധിച്ച് ICAR കൃഷി വിജ്ഞാന കേന്ദ്ര മിത്ര നികേതൻ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജി ചിത്ര സംസാരിക്കുന്നു.

**ആലപ്പുഴ(ഇൻട്രോ)**

പുതുവത്സരാഘോഷങ്ങൾ ആലപ്പുഴയിലെ ടൂറിസം മേഖലകൾക്ക് വലിയ ഉണർവാണ് നൽകിയിട്ടുള്ളത് . സഞ്ചാരികളുടെ തിരക്ക് ഇപ്പോഴും തുടരുകയാണ്.

***ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ നല്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

**ശിവഗിരി തീർത്ഥാടനം**

വർക്കല ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് സമാപനം. സമാപനസമ്മേളനത്തിൽ മന്ത്രിമാരായ പി പ്രസാദ്, സജി ചെറിയാൻ തുടങ്ങിയവർ പങ്കെടുക്കുന്നു. കേരളീയ നവോത്ഥാനത്തെ ശ്രീനാരായണ ഗുരുദേവൻ

RNUTVPM

നയിച്ചത് മാനവികതയെന്ന ദർശനം മുൻ നിർത്തിയാണെന്ന് മന്ത്രി പി പ്രസാദ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## മന്നം ജയന്തി

മന്നം ജയന്തി ആഘോഷങ്ങൾക്ക് പെരുന്നയിൽ തുടക്കം. വിദ്യാഭ്യാസ സമുച്ചയ മൈതാനിയിൽ ഒരുക്കിയ മന്നം നഗറിലാണ് ഇന്നും നാളെയുമായാണ് ജയന്തി ആഘോഷ ചടങ്ങുകൾ.

❁❁❁❁❁❁❁❁❁❁❁❁❁

RJU TVPM

## ഗ്യാസ് വില

രാജ്യത്ത് എൽപിജി വാണിജ്യ ഗ്യാസ് സിലിണ്ടറുകളുടെ വില 111 രൂപ വർദ്ധിപ്പിച്ചു. 19 കിലോഗ്രാം വാണിജ്യ സിലിണ്ടറിന്റെ പുതുക്കിയ വില ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി + സ്വർണ്ണ വില

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 32 പോയിന്റ് നഷ്ടത്തിൽ 85,189 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 17 പോയിന്റ് ഉയർന്ന് 26,147 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില

കൂടി. പവന് 120 രൂപ കൂടി 99,040 രൂപയും ഗ്രാമിന് 12,380 രൂപയുമാണ് ഇന്നത്തെ വില.

## ആറ്റുകാൽ പൊങ്കാല

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭയിൽ മേയർ വി വി രാജേഷിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ഡെപ്യൂട്ടി മേയർ ആശാ നാഥ് ജി എസ്, നഗരസഭാ വാർഡ് കൗൺസിലർമാർ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

RNU TVPM

## പ്രധാനമന്ത്രി – രാജേഷ്

തിരുവനന്തപുരം കോർപ്പറേഷൻ മേയറായി തെരഞ്ഞെടുക്കപ്പെട്ട വി വി രാജേഷിനെ അനുമോദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

പുതുവത്സരത്തിൽ, തിരുവനന്തപുരം മേയർ വി.വി രാജേഷിനെയും ഡെപ്യൂട്ടി മേയർ ആശാ നാഥിനെയും ബിജെപി പ്രവർത്തകരെയും അഭിനന്ദിച്ച് പ്രധാനമന്ത്രി കത്തയച്ചു. വർഷങ്ങൾ നീണ്ട

കഠിനാധ്വാനത്തിന്റെ ഫലമാണ് വിജയം കണ്ടതെന്ന് ശ്രീ മോദി അഭിനന്ദന സന്ദേശത്തിൽ കുറിച്ചു.

## ഉപരാഷ്ട്രപതി-തമിഴ്നാട്

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ തമിഴ്നാട്ടിലെത്തും. ചെന്നൈയിലെ ഡോ. എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 34-ാമത് ബിരുദദാന ചടങ്ങിലും വൈകീട്ട് നടക്കുന്ന രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും ഉപരാഷ്ട്രപതി നാളെ പങ്കെടുക്കും. മറ്റെന്നാൾ വെല്ലൂർ സുവർണ്ണ ക്ഷേത്രത്തിൽ ശ്രീ ശക്തി അമ്മയുടെ 50-ാമത് സുവർണ്ണ ജൂബിലി ജയന്തി ആഘോഷങ്ങളിലും കലൈവാനർ അരങ്കത്തിൽ നടക്കുന്ന 9-ാമത് സിദ്ധ ദിനാഘോഷങ്ങളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

## ഇന്ത്യ, പാക് -ആണവനിലയ പട്ടിക

ആണവനിലയങ്ങളുടെ പട്ടിക കൈമാറി ഇന്ത്യയും പാകിസ്ഥാനും. ഇരു രാജ്യങ്ങളിലെയും ആണവ കേന്ദ്രങ്ങളെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളെയും കുറിച്ചുള്ള വിവരങ്ങളാണ് ന്യൂഡൽഹിയിലെയും ഇസ്ലാമാബാദിലെയും നയതന്ത്ര ചാനലുകൾ വഴി ഇന്ന് കൈമാറിയത്. തുടർച്ചയായ 35-ാം തവണയാണ് ഇരു

RNU TVPM

രാജ്യങ്ങളും വിവരങ്ങൾ കൈമാറുന്നത്. 1988-ൽ ഒപ്പുവെച്ച 'ആണവനിലയങ്ങൾക്ക് നേരെയുള്ള ആക്രമണ നിരോധന കരാർ' പ്രകാരമാണ് കൈമാറ്റം. ഇരുരാജ്യങ്ങളിലെയും ജയിലുകളിൽ കഴിയുന്ന സിവിലിയൻ തടവുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടികയും ഇതോടൊപ്പം നയതന്ത്ര ചാനലുകൾ വഴി കൈമാറി. ശിക്ഷാ കാലാവധി പൂർത്തിയാക്കിയ ഇന്ത്യൻ തടവുകാരെ എത്രയും വേഗം മോചിപ്പിക്കണമെന്ന് ഇന്ത്യ പാകിസ്ഥാനോട് ആവശ്യപ്പെട്ടു.

**ശബരിമല**

സംസ്ഥാന ബാലാവകാശ കമ്മീഷൻ ശബരിമല സന്ദർശിച്ചു. ശബരിമലയിലെത്തുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാൻ വിവിധ വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ അറിയാനാണ് കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ, അംഗങ്ങളായ ബി മോഹൻകുമാർ, കെ കെ ഷാജു എന്നിവർ സന്നിധാനം സന്ദർശിച്ചത്. ADGP എസ് ശ്രീജിത്ത് ദേവസ്വം ബോർഡ് അംഗങ്ങൾ എന്നിവരുമായി കമ്മീഷൻ കൂടിക്കാഴ്ച നടത്തി. പുതുവൽസര ദിനമായ ഇന്ന് സന്നിധാനത്ത് വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്.

RNUTVPM

RNU TVPM